തീയതി 05.10.2017

# ദേശീയപാത പുനരുദ്ധാരണം :
# കേന്ദ്ര മന്ത്രിയ്ക്കു കത്തു നൽകി: മന്ത്രി ജി. സുധാകരൻ

കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള ദേശീയപാത 66 ലെ പല ഭാഗങ്ങളും റീടാറിംഗ് നടത്തേണ്ട സമയം അധികരിച്ചിരിക്കുകയാണെന്നും അടിയന്തിരമായി റീടാറിംഗ് നടത്തുന്നതിനുള്ള ഫണ്ട് അനുവദിക്കണമെന്നും ആവശ്യപ്പെട്ടു കൊണ്ട് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് മന്ത്രി നിധിൻ ഗഡ്കരിക്ക് കത്തു നൽകിയതായി മന്ത്രി ജി.സുധാകരൻ അറിയിച്ചു.

പല റീച്ചുകളും റീടാറിംഗ് നടത്തിയിട്ട് മൂന്നര വർഷത്തിലധികമായി. ഇതിന്റെ നഷ്ടോത്തരവാദിത്വ കാലാവധി തീർന്ന് ഉപരിതലം പുതുക്കിപ്പണിയേണ്ട കാലം കഴിഞ്ഞു. ഈ റോഡുകൾ റീടാറിംഗ് നടത്തി പുനരുദ്ധാരണം നടത്തുന്നതിനുള്ള ഫണ്ട് നൽകേണ്ടതും, കൃത്യമായി പരിപാലിക്കേണ്ടതിനുള്ള തുക നൽകേണ്ടതും കേന്ദ്ര ഉപരിതല ഗതാഗത വകുപ്പാണ്. എങ്കിലും സംസ്ഥാന ബജറ്റിൽ ദേശീയപാതകളുടെ അറ്റകുറ്റപ്പണികൾക്കായി നിശ്ചിത തുക ഓരോ വർഷവും നീക്കി വെയ്ക്കുന്നുണ്ടെന്നും, ആ തുക ഉപയോഗിച്ച് നിലവിൽ തകർന്ന റോഡുകളിൽ താൽക്കാലിക അറ്റകുറ്റപ്പണികൾ നടത്തുന്നുണ്ടെന്നും മന്ത്രി പറഞ്ഞു. എന്നാൽ ഇത് അപര്യാപ്തമാണ്.

ദേശീയപാത 66 നാലുവരിപ്പാതയാക്കുന്നതിന്റെ നടപടികൾ തുടരുന്നതിനാൽ ഉപരിതലം പുതുക്കൽ ഉൾപ്പെടെയുള്ള പ്രവൃത്തികൾക്ക് കേന്ദ്രസർക്കാർ ഇപ്പോൾ പണം അനുവദിച്ചു നൽകിയിട്ടില്ല. നാലുവരിപ്പാത വികസനത്തിന്റെ ലാന്റ് അക്വസിഷൻ നടപടികളാണ് പ്രധാനമായും ഇപ്പോൾ നടക്കുന്നത്. ആയതിനാൽ ഇപ്പോഴുള്ള റോഡുകൾ ഗതാഗതയോഗ്യമാക്കുന്നതിന് അടിയന്തിര പ്രാധാന്യത്തോടെ ഫണ്ട് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടതായി മന്ത്രി പറഞ്ഞു. അടിയന്തിരമായി പ്രവൃത്തി നടത്തേണ്ട റോഡുകളുടെ പട്ടികയുൾപ്പെടെ പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗം ചീഫ് എഞ്ചിനീയർ വഴി അനുമതിയ്ക്കായി കേന്ദ്രഉപരിതല ഗതാഗതവകുപ്പിൽ നൽകിയിട്ടുണ്ടെന്നും ഇതിന് കാലതാമസമില്ലാതെ അനുമതി നൽകണമെന്നും നാലുവരിപ്പാത വികസനത്തിന്റെ പേരിൽ തടസ്സമുണ്ടാകരുതെന്നും മന്ത്രി ജി.സുധാകരൻ കത്തിൽ ആവശ്യപ്പെട്ടു.